പുരവൂർക്കോണം പള്ളിത്തറ കോളനിയിൽ വൈദ്യുതി കണക്ഷൻ

986. [1442] ശ്രീ കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നെടുമങ്ങാട് മണ്ഡലത്തിലെ കരകുളം പഞ്ചായത്തിൽ പുരവൂർക്കോണം-പള്ളിത്തറ കോളനിയിൽ ഹരിജനങ്ങൾക്ക് സ്പെഷ്യൽ കമ്പോണന്റ് പദ്ധതിപ്രകാരം 14 വീടുകൾ വയർ ചെയ്തിട്ടും വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കണക്ഷൻ നൽകുന്നതിനുള്ള അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ & ബി) പുരവൂർക്കോണം-പള്ളിത്തറ കോളനി വൈദ്യുതീകരിക്കുന്നതിന് ജില്ലാതല ജല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ഇതുവരെ ആയിട്ടില്ല. അതിനാൽ സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ പ്രകാരം വൈദ്യുതീകരിക്കാൻ നിർവ്വാഹമില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശ ലഭിക്കുന്ന പക്ഷം ബോർഡ് സത്വര നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

കരകുളം പഞ്ചായത്തിൽ വൈദ്യുതി കണക്ഷൻ

987. [1443] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരകുളം പഞ്ചായത്തിൽ പട്ടം ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ എ ഗിമെന്റ് വച്ച 175 ഓർഡിനറി ലൈറ്റുകളും 15 ട്യൂബ് ലൈറ്റുകളും 2 എം. വി. ലാമ്പുകളും കഴിഞ്ഞ നാലുവർഷമായിട്ടും സ്ഥാപിച്ചിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് സ്ഥാപിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ജോലി ചെയ്യുന്നതിന് പുതുതായി ലൈൻ വലിക്കേണ്ടതായുണ്ട്. ഇതിനുള്ള ചെലവ് ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനം വഹിക്കണമെന്നാണ് നിലവിലുള്ള വ്യവസ്ഥ. ഇത് നിറവേറ്റപ്പെടുന്ന മുറയ്ക്കു ലൈറ്റുകൾ ബോർഡ് സ്ഥാപിക്കുന്നതായിരിക്കും.

കരകുളം പഞ്ചായത്തിൽ ബൾബും ട്യൂബും സ്ഥാപിക്കാനുള്ള എഗ്രിമെന്റ്

988. [1444] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് മണ്ഡലത്തിലെ കരകുളം പഞ്ചായത്തിൽ 1-10-1982-ന് പേരൂർക്കട സെക്ഷനിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേർക്ക് എഗ്രിമെന്റ് വച്ചിട്ടും 97 ഓർഡിനറി ബൾബുകളും 152 ട്യൂബ് ലൈറ്റുകളും ഇനിയും സ്ഥാപിച്ചിട്ടില്ലാ എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് സ്ഥാപിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly